**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3982** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഒളവണ്ണ സി.എച്ച്.സി. യിൽ ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഒളവണ്ണ സി.എച്ച്.സി. യിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | കുന്നമംഗലം മണ്ഡലത്തിലെ ഒളവണ്ണ സി.എച്ച്.സി ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി 26.07.2021 - ലെ സ.ഉ.(സാധാ)നം.1555/2021/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം 1,75,96,748/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലത്ത് നിലവിലുള്ള കെട്ടിടം പൊളിച്ചുനീക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | സി.എച്ച്.സി ഒളവണ്ണയിൽ ഐസൊലേഷൻ വാർഡിന്റെ നിർമാണത്തിന് കെട്ടിടം പൊളിക്കൽ, മരം മുറിക്കൽ തുടങ്ങിയ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. കെട്ടിടം പൊളിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | 40 വർഷം പഴക്കമുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും കാലപ്പഴക്കം കാരണം തകർച്ച ഭീഷണി നേരിടുകയും ചെയ്യുന്ന പ്രസ്തുത കെട്ടിടം പൊളിച്ചുനീക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സി.എച്ച്.സി ഒളവണ്ണയിൽ ഐസൊലേഷൻ വാർഡിന്റെ നിർമാണത്തിന് കെട്ടിടം പൊളിക്കൽ, മരം മുറിക്കൽ തുടങ്ങിയ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. കെട്ടിടം പൊളിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ